<u>15 -ാം കേരള നിയമസഭ</u>

<u>16 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2792</u> <u>24-02-2026 - ൽ മറുപടിയ്ക്ക്</u>

<u>കോട്ടൂർ ആന പുനരധിവാസ കേന്ദ്രം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | 2016 മുതൽ നാളിതുവരെ കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക, ഭരണാനുമതി തീയതി, ഇവയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ? | (എ) | കോട്ടൂർ ആന പുനരധിവാസ കേന്ദ്രം ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി കിഫ്ബി ഫണ്ടുപയോഗിച്ചാണ് നടപ്പാക്കുന്നത്. 105 കോടി രൂപയുടെ ഒരു പദ്ധതിക്ക് സ.ഉ. (സാധാ) നം. 196/2017/വനം, തീയതി 23/05/2017 ൽ സർക്കാർ ഉത്തരവ് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിശദമായ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ KIIFB 71.92 കോടി രൂപ ഒന്നാം ഘട്ടമായി അനുവദിച്ചു. ഈ അനുമതി 09/10/2020 ലെ KIIFB ഉത്തരവു വഴി 79.06 കോടി രൂപയായും വീണ്ടും 09/03/2024 ലെ KIIFB ഉത്തരവു പ്രകാരം 82.38 കോടി രൂപയായും വർദ്ധിപ്പിച്ചു. 50 ആനകളെ പാർപ്പിക്കുവാനുള്ള സൗകര്യം, എൻക്ലോഷറുകളെ ബന്ധിപ്പിച്ച് 2.2 കിലോമീറ്റർ ഫോറസ്റ്റ് റോഡ്, വെറ്റിനറി ആശുപത്രി, കുട്ടിയാനകൾക്കുള്ള പ്രത്യേക പരിചരണ കേന്ദ്രം, ക്വാറന്റൈൻ കേന്ദ്രം, പാപ്പാന്മാർക്കും സ്റ്റാഫുകൾക്കുമുള്ള ക്വാർട്ടേഴ്സുകളും ഡോർമിറ്ററികളും, പരിശീലന ഗവേഷണ കേന്ദ്രവും ഹോസ്റ്റലുകളും, ഓഫീസ് സമുച്ചയം, ആന മ്യൂസിയം, സന്ദർശകർക്കായി റിസപ്ഷൻ കേന്ദ്രം, പാർക്കിംഗ് സൗകര്യം, കഫറ്റീരിയ, കംഫർട്ട് സ്റ്റേഷൻ, കേന്ദ്രത്തിലെ റോഡുകളുടെ നവീകരണം, ആനകേന്ദ്രത്തിലേക്കുള്ള 1.7 കിലോമീറ്റർ ദൈർഘ്യമുള്ള പഞ്ചായത്ത് റോഡിന്റെ നവീകരണം, വൈദ്യുതി വിതരണത്തിനായി രണ്ട് സബ്സ്റ്റേഷനുകൾ, ജലവിതരണ ശൃംഖല, ജലശുദ്ധീകരണ പ്ലാന്റ്, വനവൽക്കരണം, ഗാർഡൻ നിർമ്മാണം, പോസ്റ്റമോർട്ടം കേന്ദ്രം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ചിട്ടുള്ളത്. പദ്ധതി 11/10/2024 നു ഔദ്യോഗികമായി കമ്മീഷൻ ചെയ്തു.<br>കിഫ്ബിയിൽ നിന്നും ഇതിനോടകം 71.68 കോടി രൂപ ചെലവഴിച്ചു. ഇത് കൂടാതെ സംസ്ഥാന പദ്ധതി വിഹിതമായി ആനകളുടെ പരിചരണം, ഓഫീസ് |

| | | | |
|---|---|---|---|
| | | | ചെലവുകൾ, കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വേതനം, എന്നിവയ്ക്കായി 2021-22 മുതൽ തുക അനുവദിക്കുന്നുണ്ട്. ഈ തുക സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u> (US Qn 2792)**

| ക്രമ നം. | വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | റിലീസ് ചെയ്ത തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | 2021-22 | 100.00 | 74.9760 | 74.9760 |
| 2 | 2022-23 | 100.00 | 62.0000 | 61.9119 |
| 3 | 2023-24 | 100.00 | 65.0000 | 62.4900 |
| 4 | 2024-25 | 200.00 | 78.1000 | 53.2275 |
| 5 | 2025-26 | 200.00 | 67.54146 | 67.54146 |